(ബി) എങ്കിൽ ഏത് വർഷം വരെ നിയമിതരായവർക്കാണ് പ്രൊട്ടക്ഷൻ ആനുകൂല്യം നൽകുന്നത് ;

(സി) പ്രസ്തുത ആനുകൂല്യം ദീർഘിപ്പിക്കുന്നതിലൂടെ എത്ര അദ്ധ്യാപകർക്ക് ഇതിന്റെ ഗുണം ലഭിക്കും ;

(ഡി) നിലവിൽ എത്ര സംരക്ഷിത അദ്ധ്യാപകരാണ് സംസ്ഥാനത്തുള്ളത് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി&സി) ബാധകമല്ല.

(ഡി) 487 എച്ച്.എസ്.എ. മാരും 1545 അസിസ്റ്റന്റ് ടീച്ചർമാരും 886 സ്പെഷ്യലിസ്റ്റ് ടീച്ചർമാരും ഉൾപ്പെടെ 2009-10-ൽ 2918 സംരക്ഷിത അദ്ധ്യാപകർ ഉണ്ട്.

പത്തനംതിട്ട ജില്ലയിലെ പ്രൊട്ടക്റ്റഡ് അദ്ധ്യാപകർ

56 (3803) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര പ്രൊട്ടക്റ്റഡ് അദ്ധ്യാപകർ ഉണ്ട് ;

(ബി) പത്തനംതിട്ട ജില്ലയിൽ എത്ര പ്രൊട്ടക്റ്റഡ് അദ്ധ്യാപകർ സർക്കാർ സ്കൂളുകളിൽ ജോലി ചെയ്യുന്നു ;

(സി) വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) 2009-10-ലെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 2918 പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുണ്ട്.

(ബി&സി) 7 എച്ച്.എസ്.എ. മാരും, 31 അസിസ്റ്റന്റ് ടീച്ചർമാരും 2 സ്പെഷ്യലിസ്റ്റ് ടീച്ചർമാരും ഉൾപ്പെടെ, 2009-10-ൽ, പത്തനംതിട്ട ജില്ലയിൽ, 40 പ്രൊട്ടക്റ്റഡ് അദ്ധ്യാപകർ സർക്കാർ സ്കൂളുകളിൽ ജോലി ചെയ്യുന്നുണ്ട്.

അദ്ധ്യാപകരുടെ പ്രൊട്ടക്ഷൻ വ്യവസ്ഥകൾ

57 (3804) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടികളുടെ എണ്ണം കുറഞ്ഞതുമൂലം ഡിവിഷൻ കുറഞ്ഞതിനാൽ ജോലി നഷ്ടപ്പെടുന്ന അദ്ധ്യാപകർക്കുള്ള പ്രൊട്ടക്ഷൻ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എത്ര വർഷം സർവ്വീസുള്ളവർക്കാണ് ഇങ്ങനെ പ്രൊട്ടക്ഷൻ ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ കഴിയുമ്പോൾ ജോലി നഷ്ടപ്പെടുവാൻ സാദ്ധ്യതയുള്ള അദ്ധ്യാപകരുടെ എണ്ണം കണക്കിലെടുത്ത് പ്രൊട്ടക്ഷൻ വ്യവസ്ഥയിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ&ബി) എയ്ഡഡ് സ്കൂളുകളിൽ 1997 ജൂലൈ 14 വരെ റഗുലർ സർവ്വീസിൽ പ്രവേശിച്ച് അംഗീകാരം ലഭിച്ച അദ്ധ്യാപകർക്കാണ് നിലവിൽ പ്രൊട്ടക്ഷൻ ആനുകൂല്യം നൽകുന്നത്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

ഡിവിഷൻ ഫാളിനെ തുടർന്നുള്ള നടപടികളുടെ ഏകീകരണം

58 (3805) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒന്നു മുതൽ ഏഴുവരെ ക്ലാസ്സുകളുള്ള യു. പി. സ്കൂളിൽ ഡിവിഷൻ ഫാൾ ഉണ്ടായാൽ നാലാം ക്ലാസ്സിനു താഴെയാണ് അത് സംഭവിക്കുന്നതെങ്കിൽ എൽ. പി. സ്കൂൾ അദ്ധ്യാപകരിലെ ജൂനിയർ മോസ്റ്റ് ആയ അദ്ധ്യാപകന് ജോലി നഷ്ടമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എന്നാൽ അഞ്ച് മുതൽ ഏഴ് വരെയുള്ള ക്ലാസ്സുകളിൽ ഡിവിഷൻ ഫാൾ ഉണ്ടായാൽ യു. പി. സ്കൂൾ അദ്ധ്യാപകരിലെ ജൂനിയറായ അദ്ധ്യാപക നാണ് ജോലി നഷ്ടമാകുകയെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഗവൺമെന്റ് സ്കൂളിൽ ഈ രീതി നിലനിൽക്കുമ്പോൾ എയ്ഡഡ് സ്കൂളുകളിലും ഇതേ രീതിയല്ലേ സ്വീകരിക്കേണ്ടത് ; വ്യക്തമാക്കുമോ ; ഈ വിഷയത്തിൽ സർക്കാർ ഭാഗത്തുനിന്നും എന്തെങ്കിലും ഉത്തരവ് നിലവിലുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) ഇക്കാര്യത്തിൽ ഏകീകൃത സ്വഭാവം ഇല്ലാത്തതിനാൽ നിരവധി അദ്ധ്യാപകർ ബുദ്ധിമുട്ടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) KER അദ്ധ്യായം XVI റൂൾ 34 (b) പ്രകാരം യു.പി., എൽ.പി വിഭാഗങ്ങൾക്ക് കണ്വെൻഡ് സീനിയോറിറ്റി ലിസ്റ്റാണ് നിഷ്കർഷിച്ചിട്ടുള്ളത്. അതിൻ പ്രകാരം ഏതു വിഭാഗത്തിൽ ഡിവിഷൻ ഫാൾ ഉണ്ടായാലും സീനിയോറിറ്റി ലിസ്റ്റിലെ ജൂനിയർ മോസ്റ്റിനെയാണ് പുറത്താക്കേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly